ട്രഷറി നിക്ഷേപങ്ങൾ

129 (135) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയിൽ നിന്നുള്ള സംസ്ഥാന ട്രഷറിയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച ഏറ്റവും പുതിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ;

(ബി) എത്ര ശതമാനം പലിശ നൽകാമെന്ന വ്യവസ്ഥയിലാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും പണം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ട്രഷറി നിക്ഷേപഇനത്തിൽ തിരികെ നൽകേണ്ടതായ ആകെ തുകയും പലിശയും എത്രയെന്ന് വിശദമാക്കുമോ ;

(ഡി) നാഷണൽ സേവിംങ്സ് സ്കീമിൽനിന്നും സർക്കാർ സ്വീകരിച്ച തുകയെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2015 നവംബർ 27-ലെ ട്രഷറിയിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 3764.68 കോടി രൂപയും സഹകരണ സ്ഥാപനങ്ങളിൽ നിന്നും 556.80 കോടി രൂപയും കോർപ്പറേഷനുകളിൽനിന്നും 661.12 കോടി രൂപയും ബോർഡുകളിൽനിന്നും 1499.38 കോടി രൂപയും സംസ്ഥാന ട്രഷറിയിൽ നിക്ഷേപങ്ങളായി ലഭിച്ചിട്ടുണ്ട്.

(ബി) അതാത് കാലയളവിൽ സർക്കാർ നിശ്ചയിക്കുന്ന പലിശ നിരക്ക് പ്രകാരമാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും നിക്ഷേപങ്ങൾ ട്രഷറികളിൽ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ ഉയർന്ന പലിശനിരക്ക് നൽകിയും നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ട്രഷറി നിക്ഷേപ ഇനത്തിൽ തിരികെ നൽകേണ്ടതായ ആകെ തുക 6481.98 കോടി രൂപയും പലിശ 471.99 കോടി രൂപയുമാണ്.

(ഡി) 2015-16 സാമ്പത്തിക വർഷം മൂന്ന് തവണകളിലായി മൊത്തം 96.51 കോടി രൂപ എൻ.എസ്.എസ്.എഫിന്റെ വരവായി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly